4. കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ പലവിധ പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പു വരുത്തുന്നതിനായി വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിച്ചു വരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് ഭക്ഷ്യകിറ്റ് അനുവദിച്ചുവരുന്നു.

5. വയോജനങ്ങൾക്കായി കേന്ദ്ര സർക്കാർ ധനസഹായത്തോടെ ഹെല്പ് ലൈൻ ക്രമീകരിക്കുന്നതിന് നടപടി പുരോഗമിച്ചുവരുന്നു.

6. വയോജന മേഖലയിലെ സന്നദ്ധ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ മേഖലയിൽ മികച്ച പ്രവർത്തനം നടത്തുന്ന സംഘടനയ്ക്ക് അവാർഡ് നല്കുന്ന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്.

വയോധികരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

198 (4586) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോധികരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) കോവിഡ് മഹാമാരിയും റിവേഴ്സ് ലോക്ക്ഡൗണും കാരണം വീടുകളിൽനിന്നും പുറത്തിറങ്ങാനാകാത്ത സാഹചര്യത്തിൽ വയോധികരുടെ ആരോഗ്യം സംരക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. ഗ്രാന്റ് കെയർ പദ്ധതി: സംസ്ഥാന വ്യാപകമായും കൂടാതെ വൃദ്ധസദനങ്ങളിലും കൊവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളിൽ അല്ലാതെ റിവേഴ്സ് ക്വാറന്റീനിലുള്ള വയോജനങ്ങളുടെ അടിയന്തരാവശ്യങ്ങൾ പരിഹരിക്കുന്നതിന് വയോജന സെല്ലിനോട്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധിച്ച് 14 ജില്ലകളിലും വയോജന കോൾസെന്റർ ആരംഭിച്ച പദ്ധതിയാണ് ഗ്രാന്റ് കെയർ പദ്ധതി. ഇതുമുഖേന വിവിധ സേവനങ്ങൾ ആവശ്യപ്പെടുന്ന വയോജനങ്ങൾക്ക് ആയത് നൽകിവരുന്നു. കോവിഡ്-19-ന്റെ ആദ്യഘട്ട വ്യാപനത്തെ തുടർന്ന് മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി KSSM മുഖേന നടപ്പാക്കുന്ന "വയോമിത്രം" പദ്ധതിയിലൂടെ റിവേഴ്സ് ക്വാറന്റൈൻ സെന്ററുകൾ ആരംഭിച്ച് സേവനം നൽകിയിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ യഥാസമയം വീടുകളിൽ എത്തിച്ച് നൽകുകയും അത്യാവശ്യ സന്ദർഭങ്ങളിൽ ടെലികോളിംഗ് ഫെസിലിറ്റി മുഖേനവേണ്ട സേവനവും നല്കിയിരുന്നു. സർക്കാർ വൃദ്ധമന്ദിരങ്ങളിലെ അന്തേവാസികൾക്ക് ആവശ്യമായ മരുന്ന്, കൗൺസിലിംഗ് എന്നിവ ഗ്രാന്റ് കെയർ പദ്ധതിയുടെ ഭാഗമായി വയോമിത്രം ജീവനക്കാരെ, ഉപയോഗപ്പെടുത്തി സംഘടിപ്പിച്ചിട്ടുണ്ട്.

2. വയോപോഷണം:- കോവിഡ് സാഹചര്യത്തിൽ മുതിർന്നപൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പോഷകാഹാര ലഭ്യതയുമായി ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം. മുതിർന്നപൗരന്മാർക്ക് വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള 2 മാസത്തേയ്ക്ക് ആവശ്യമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ ഉൾപ്പെടുത്തിയ കിറ്റാണ് പദ്ധതി പ്രകാരം സായംപ്രഭ ഹോമുകളിലൂടെ വിതരണം ചെയ്യുന്നത്.

(സി) സംസ്ഥാന ജനസംഖ്യയിൽ വയോധികരുടെ ശതമാനം കൂടിവരുന്ന സാഹചര്യത്തിൽ ജെറിയാട്രിക്സിന് പ്രാധാന്യം നൽകി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

വിശദാംശം അനുബന്ധം II* ആയി ചേർക്കുന്നു.

(ഡി) വയോധികർക്ക് ആവശ്യമായ സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ ആദ്യഘട്ടമായി മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ, CMDRF സഹായം, ജീവൻരക്ഷാ മരുന്ന് എന്നിവ വീട്ടുപടിക്കൽ എത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ രണ്ടാം ഘട്ടത്തിൽ സാമൂഹ്യ നീതി വകുപ്പിലൂടെ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും നൽകുന്ന വ്യക്തിഗത സേവനങ്ങൾ പഞ്ചായത്തുകൾ നിയോഗിക്കുന്ന സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ അർഹരായ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.